പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1224 12.07.2016-ലെ മറുപടിക്ക്

വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വെഞ്ഞാറമൂട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 67 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബസിന്റെ ലഭ്യത കുറവുമൂലം ഇപ്പോൾ ശരാശരി 49 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (ബി) | സർവ്വീസുകൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ ബസുകളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (ബി) | വെഞ്ഞാറമൂട് ഡിപ്പോയിൽ നിലവിലുള്ള 67 ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പെടെ 74 ബസുകൾ ആവശ്യമാണ്. |
| (സി) | നിലവിൽ എത്ര ബസുകളാണ് ഡിപ്പോയിൽ ഉള്ളതെന്ന് അറിയിക്കുമോ; | (സി) | 52 ആർ.ടി.സി ബസുകളും 9 ജൻറം ബസുകളും ഉൾപ്പെടെ 61 ബസുകൾ നിലവിലുണ്ട്. |
| (ഡി) | മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര ബസുകളുടെ കുറവാണ് വെഞ്ഞാറമൂട് ഡിപ്പോയിൽ ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കാമോ ; | (ഡി) | മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ബസ് ഉൾപ്പെടെ 13 ബസുകളുടെ കുറവുണ്ട്. |
| (ഇ) | ബസുകളുടെ എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനും പുതിയ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുമാവശ്യമായ ബസുകൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് നിലവിൽ അംഗീകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ